# DE - 7/2022/1(Mal.)

ചോദ്യപുസ്തക അക്ഷര കോഡ് **A**

ചോദ്യപുസ്തക ക്രമനമ്പർ

| പേര് : | രജിസ്റ്റർ നമ്പർ : | ഒപ്പ് : |
|---|---|---|

## വകുപ്പുതല പരീക്ഷ — ജൂലൈ 2022

ചോദ്യങ്ങളുടെ ആകെ എണ്ണം: 100 സമയം : 2 മണിക്കൂർ

(പരമാവധി മാർക്ക് :100)

ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തകരൂപത്തിലാണ്. A, B, C, D എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യപുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷരകോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യപുസ്തകം വലത് മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യപുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യപുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യപുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യപുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്തുവാൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും (A), (B), (C), (D) എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും $^1/_3$ മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകുവാൻ പാടില്ല. രജിസ്റ്റർ നമ്പർ കോഡിംഗ് ഷീറ്റിലെ എല്ലാ എൻട്രികളും ഇൻവിജിലേറ്റർ പരിശോധിച്ചുവെന്നും, നൽകിയിരിക്കുന്ന സ്ഥലത്ത് ഇൻവിജിലേറ്ററുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഉദ്യോഗാർത്ഥി ഉറപ്പുവരുത്തണം.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ളശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.
14. **പരീക്ഷാ വേളയിൽ ഏതെങ്കിലും ഉദ്യോഗാർത്ഥികൾ ചോദ്യപേപ്പറിൽ ഉത്തരം അടയാളപ്പെടുത്തുകയും മറ്റ് ഉദ്യോഗാർത്ഥികളുമായി കൈമാറ്റം ചെയ്യുകയും ചെയ്താൽ, ഉത്തരസ്ക്രിപ്റ്റ് അസാധുവാകുകയും ഡിപ്പാർട്ട്മെന്റൽ ടെസ്റ്റുകളിൽ പങ്കെടുക്കുന്നതിൽ നിന്ന് ഉദ്യോഗാർത്ഥികളെ കുറഞ്ഞത് 2 വർഷത്തേക്ക് ഡീബാർ ചെയ്യുകയും ചെയ്യും.**

**A**

1. ഒരു സ്ഥലത്ത് 12 മണിക്കൂറുള്ള താമസത്തിന് അനുവദിക്കാവുന്ന ദിനബത്തയുടെ നിരക്ക്
   (A) നാലിൽ ഒന്ന് (B) മൂന്നിൽ ഒന്ന്
   (C) രണ്ടിൽ ഒന്ന് (D) ഇതൊന്നുമല്ല

2. ഓരോ വർഷവും ............................ ലാണ് ഓഫീസ് മേധാവി സേവന പുസ്തക പരിശോധന നടത്തേണ്ടത്.
   (A) ജനുവരി (B) ഫെബ്രുവരി
   (C) മാർച്ച് (D) ഏപ്രിൽ

3. യോഗ്യസേവന കാലത്തിന് മുമ്പുള്ള പ്രൊബേഷൻ കാലയളവ് പെൻഷൻ കണക്കാക്കുന്നതിനുള്ള യോഗ്യകാലമാണ്. ഇത് പ്രതിപാദിച്ചിരിക്കുന്നത് :
   (A) റൂൾ 20 പാർട്ട് III കെ എസ് ആർ (B) റൂൾ 25(എ) പാർട്ട് III കെ എസ് ആർ
   (C) റൂൾ 42 പാർട്ട് III കെ എസ് ആർ (D) റൂൾ 16 പാർട്ട് III കെ എസ് ആർ

4. നിയമാനുസൃതമായ പെൻഷൻ ലഭിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ യോഗ്യസേവനകാലം :
   (A) 9 വർഷം (B) 10 വർഷം
   (C) 15 വർഷം (D) 20 വർഷം

5. ഒരു വനിതാ പെൻഷണർ 1-6-2021 - ന് മരണപ്പെട്ടു. അവരുടെ ഭർത്താവിന് എന്നു മുതലാണ് കുടുംബപെൻഷൻ ലഭിക്കുക :
   (A) 1-6-2021 (B) 2-6-2021
   (C) 1-7-2021 (D) 15-6-2021

6. ഗർഭം അലസിപ്പോയതിന് വനിതാ ജീവനക്കാരിക്ക് അനുവദിക്കുന്ന അവധി ഒരു സമയത്ത് .................... ആഴ്ചയിൽ അധികമാകാൻ പാടില്ല.
   (A) 5 (B) 6
   (C) 7 (D) 8

7. അർദ്ധവേതനാവധി കണക്കാക്കുന്നതിനുള്ള അടിസ്ഥാനം :
   (A) ഡ്യൂട്ടിയിൽ ചെലവഴിച്ച കാലയളവ്
   (B) പൂർത്തീകരിച്ച സേവന വർഷം
   (C) പൂർത്തീകരിച്ച അർദ്ധവർഷങ്ങളുടെ എണ്ണം
   (D) ഇതൊന്നുമല്ല

8. ഉദ്യോഗക്കയറ്റം ലഭിച്ച ഒരു ജീവനക്കാരന്റെ പ്രവേശന കാലയളവിലെ ശമ്പളം
   (A) പഴയ തസ്തികയിലെ ശമ്പളം
   (B) പുതിയ തസ്തികയിലെ ശമ്പളം
   (C) പുതിയ തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമം
   (D) ഇതൊന്നുമല്ല

9. 10-2-2022-ൽ തുടങ്ങി ഒരു മാസം അവസാനിക്കുന്ന തീയതി
   (A) 10-2-2022 (B) 9-2-2022
   (C) 11-2-2022 (D) ഇതൊന്നുമല്ല

10. ഒരു സ്ഥലത്തെ താമസത്തിന് ആദ്യത്തെ 10 ദിവസത്തിനുശേഷമുള്ള 10 ദിവസത്തിന് അനുവദിക്കുന്ന ദിനബത്തയുടെ നിരക്ക്
    (A) ½ (B) ¼
    (C) ¾ (D) മുഴുവൻ

11. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ് യാത്രാബത്തയായി പരിഗണിക്കാത്തത് :

(A) കൺവേയൻസ് അലവൻസ്
(B) ഡെയ്‌ലി അലവൻസ്
(C) മൈലേജ് അലവൻസ്
(D) ഡിയർനസ് അലവൻസ്

12. സാധാരണ നിലയിൽ ഒരു ഉദ്യോഗസ്ഥന് ഡെപ്യൂട്ടേഷനിൽ തുടരാവുന്ന പരമാവധി കാലയളവ് :

(A) 15 വർഷം
(B) 20 വർഷം
(C) 5 വർഷം
(D) ഇതൊന്നുമല്ല

13. 30-6-2022 - ന് സേവനത്തിൽ നിന്നു വിരമിച്ച ഒരു ജീവനക്കാരന് 2022 ജൂലൈ മാസത്തെ പെൻഷന് അർഹത വരുന്ന തീയതി :

(A) 1-7-2022
(B) 30-6-2022
(C) 1-8-2022
(D) ഇതൊന്നുമല്ല

14. പുനർനിയമനം ലഭിച്ച ഒരു പെൻഷനറുടെ ശമ്പളം നിശ്ചയിക്കുന്നത് :

(A) റൂൾ 100 പാർട്ട് III കെ എസ് ആർ
(B) റൂൾ 103 പാർട്ട് III കെ എസ് ആർ
(C) റൂൾ 28എ പാർട്ട് I കെ എസ് ആർ
(D) റൂൾ 30 പാർട്ട് I കെ എസ് ആർ

15. ഏതെങ്കിലുമൊരാളിന് കേരള സർവ്വീസ് റൂൾസ് ബാധകമാകുന്നതു സംബന്ധിച്ച് എന്തെങ്കിലും സംശയമുദിക്കുന്നപക്ഷം അക്കാര്യത്തിൽ തീർപ്പു കല്പിക്കുന്നത് :

(A) വകുപ്പു മേധാവി
(B) ധനകാര്യ വകുപ്പ്
(C) അക്കൗണ്ടന്റ് ജനറൽ
(D) ഗവൺമെന്റ്

16. സാധാരണ നിരക്കിലുള്ള കുടുംബപെൻഷൻ :

(A) അവസാന ശമ്പളത്തിന്റെ 50 %
(B) അവസാന ശമ്പളത്തിന്റെ 30 %
(C) അവസാന ശമ്പളത്തിന്റെ 40 %
(D) അവസാന ശമ്പളത്തിന്റെ 15 %

17. ശമ്പള സ്കെയിലുകൾ സമാനമാണെന്നു പറയുന്നത്

(A) ശമ്പള സ്കെയിലുകളിലെ ഇൻക്രിമെന്റ് നിരക്ക് അഭിന്നമാകുന്നപക്ഷം
(B) ശമ്പള സ്കെയിലുകളിലെ പ്രാരംഭ തുകയും പരമാവധി തുകയും അഭിന്നമാകുന്നപക്ഷം
(C) ശമ്പള സ്കെയിലുകളിലെ പ്രാരംഭ തുക അഭിന്നമാകുന്നപക്ഷം
(D) ശമ്പള സ്കെയിലുകളിലെ പരമാവധി തുക, പ്രാരംഭതുക, ഇൻക്രിമെന്റ് നിരക്ക് എന്നിവ അഭിന്നമാകുന്നപക്ഷം

18. വിരമിച്ച ഒരു ജീവനക്കാരന് വൈദ്യപരിശോധന ഇല്ലാതെ പെൻഷൻ കമ്മ്യൂട്ടേഷന് അപേക്ഷിക്കാവുന്ന കാലപരിധി :

(A) വിരമിച്ച് മൂന്നു മാസത്തിനകം
(B) വിരമിച്ച് ആറു മാസത്തിനകം
(C) വിരമിച്ച് ഒരു വർഷത്തിനകം
(D) വിരമിച്ച് രണ്ട് വർഷത്തിനകം

19. ശരാശരി വേതനം കണക്കാക്കുന്നത് അവസാനത്തെ എത്ര മാസത്തെ ശമ്പളം പരിഗണിച്ചാണ്.

(A) 12 മാസം
(B) 6 മാസം
(C) 10 മാസം
(D) 18 മാസം

20. പൊതു അവധി ദിനങ്ങൾ ഉൾപ്പെടെ ഒരു സമയത്ത് പ്രയോജനപ്പെടുത്താവുന്ന പരമാവധി ആകസ്മികാവധികളുടെ എണ്ണം (കേരളത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ കാര്യത്തിൽ):

(A) 15
(B) 10
(C) 7
(D) 20

A

21. ഡയസ്നോൺ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് :

(A) നോൺഡ്യൂട്ടി അലവൻസ് (B) ശൂന്യദിനം

(C) സേവനത്തിലിരിക്കെ മരണം (D) ഇതൊന്നുമല്ല

22. ഒരു ജീവനക്കാരന് പിതൃത്വാവധിയുടെ പരിധി

(A) ആകെ സേവന കാലത്ത് ഒരു തവണ

(B) ആകെ സേവന കാലത്ത് രണ്ടു തവണ

(C) ആകെ സേവന കാലത്ത് മൂന്നു തവണ

(D) പരിധിയില്ല

23. പൊതു വിദ്യാഭ്യാസ വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന ഒരു സ്കൂൾ അധ്യാപകന്റെ ജനന തീയതി 18-9-1966 ആണ്. അദ്ദേഹത്തിന് സൂപ്പർ ആന്വേഷനിൽ തുടരാവുന്ന പരമാവധി കാലയളവ്.

(A) 30-9-2022

(B) 31-12-2022

(C) 31-3-2023

(D) 2022-23 അധ്യായന വർഷം അവസാനിക്കുന്നതുവരെ

24. കേരള സർവ്വീസ് റൂൾസ് പാർട്ട് I - ലെ ഏത് ചട്ടമാണ്, ഒഫീഷ്യേറ്റിംഗ് ആയി ജോലി ചെയ്യുന്ന ഒരു ജീവനക്കാരനെ ഒഫീഷ്യേറ്റിംഗ് ആയി താഴ്ന്ന തസ്തികയിലേക്ക് നിയമിക്കുമ്പോൾ ശമ്പള നിർണയത്തിന് ബാധകമാക്കുന്നത് :

(A) 28 എ (B) 30

(C) 37 (എ) (D) 37 (ബി)

25. ചാർജ് അലവൻസ് അനുവദിക്കാവുന്ന പരമാവധി കാലയളവ് :

(A) 1 മാസം (B) 2 മാസം

(C) 3 മാസം (D) 4 മാസം

26. മെഡിക്കൽ സർട്ടിഫിക്കറ്റില്ലാതെ ഒരു ഉദ്യോഗസ്ഥന് ആകെ സേവനകാലത്ത് അനുവദിക്കാവുന്ന പരമാവധി അനാർജിതാവധിയുടെ എണ്ണം :

(A) 180 ദിവസം (B) 90 ദിവസം

(C) 360 ദിവസം (D) 120 ദിവസം

27. ഒരു ജീവനക്കാരന് 150 ദിവസത്തെ ആശുപത്രി അവധി അനുവദിക്കപ്പെട്ടു. ആദ്യത്തെ 120 ദിവസത്തേക്ക് അർഹതപ്പെട്ട അവധി വേതനം ഏത് നിരക്കിലാണ് .

(A) അർദ്ധവേതനാവധി നിരക്കിൽ (B) ആർജിതാവധി നിരക്കിൽ

(C) അടിസ്ഥാനശമ്പള നിരക്കിൽ (D) ഇതൊന്നുമല്ല

28. 1-1-2010 - ൽ സർക്കാർ സേവനത്തിൽ പ്രവേശിച്ച ഒരു ജീവനക്കാരന്റെ ആർജിതാവധി കണക്കിൽ 31-12-2021 - ന് ബാക്കി നില്ക്കുന്ന പരമാവധി ആർജിതാവധിയുടെ എണ്ണം.

(A) 330 (B) 300

(C) 180 (D) ഇതൊന്നുമല്ല

29. ആരാണ് ഒരു സർക്കാർ ജീവനക്കാരന്റെ രാജി സ്വീകരിക്കാൻ അധികാരപ്പെട്ടത്.

(A) ബന്ധപ്പെട്ട വകുപ്പുമേധാവി (B) ധനകാര്യ വകുപ്പ്

(C) നിയമനാധികാരി (D) ഇവരാരുമല്ല

30. 10-6-2021 പൂർവ്വാഹനത്തിൽ സർക്കാർ സേവനത്തിൽ പ്രവേശിച്ച ഒരു ജീവനക്കാരന്റെ അർദ്ധവേതനാവധി അക്കൗണ്ടിൽ, 9-6-2022 പൂർവ്വാഹനത്തിൽ ഉണ്ടാകാവുന്ന പരമാവധി അർദ്ധവേതനാവധിയുടെ എണ്ണം .

(A) 10
(B) 20
(C) അർഹതയില്ല
(D) ഇതൊന്നുമല്ല

31. കേരളത്തിന്റെ ജനറൽ റവന്യൂ എന്നാൽ :

(A) കൺസോളിഡേറ്റഡ് ഫണ്ട് മാത്രം
(B) കൺസോളിഡേറ്റഡ് ഫണ്ട്, കണ്ടിജൻസി ഫണ്ട്, പബ്ലിക്ക് അക്കൗണ്ട് ഓഫ് കേരള, റവന്യു ഓഫ് ലോക്കൽ ബോഡീസ് എന്നിവ ചേർന്നത്
(C) ഡെപ്പോസിറ്റ് അക്കൗണ്ട് മാത്രം
(D) കൺസോളിഡേറ്റഡ് ഫണ്ട്, കണ്ടിജൻസി ഫണ്ട്, പബ്ലിക്ക് അക്കൗണ്ട് ഓഫ് കേരള എന്നിവ ചേർന്നത്

32. ഏതാണ് സാധാരണ അവധിയിൽ ഉൾപ്പെടാത്തത് :

(A) പഠന അവധി
(B) പരിവർത്തിതാവധി
(C) അനാർജിതാവധി
(D) ശൂന്യവേതനാവധി

33. ഒരു ഉദ്യോഗസ്ഥന് സംസ്ഥാനത്തിന്റെ ജനറൽ റവന്യൂവിൽ നിന്നല്ലാതെ ലഭിക്കുന്ന പ്രതിഫലം.

(A) ഫീ
(B) ഓണറേറിയം
(C) ബത്ത
(D) ഇതൊന്നുമല്ല

34. സാങ്കല്പികമായ ഉദ്യോഗക്കയറ്റത്തിന് മുൻകാല ശമ്പളത്തിന്റെയോ അലവൻസിന്റെയോ കുടിശികയ്ക്ക് അർഹതയില്ല. ഇത് പ്രതിപാദിച്ചിരിക്കുന്നത് :

(A) റൂൾ 28എ പാർട്ട് I കെ എസ് ആർ
(B) റൂൾ 30 പാർട്ട് I കെ എസ് ആർ
(C) റൂൾ 34 പാർട്ട് I കെ എസ് ആർ
(D) ഇതൊന്നുമല്ല

35. അനാർജിതാവധിയിലിരിക്കുന്ന ഒരു ജീവനക്കാരനെ വിരമിക്കാൻ അനുവദിച്ചാൽ വിരമിക്കലിന്റെ പ്രാബല്യം

(A) അവധി അവസാനിക്കുന്ന മുറയ്ക്ക്
(B) അവധിക്ക് അപേക്ഷിച്ച തീയതി മുതൽ
(C) അവധി ആരംഭിച്ച തീയതിയിൽ
(D) ഇതൊന്നുമല്ല

36. 1-7-2022 - ന് സേവനത്തിൽ പ്രവേശിച്ച ഒരു ജീവനക്കാരന്, നിലവിലുള്ള നിയമപ്രകാരം സേവനകാലത്താകെ പരമാവധി അനുവദിക്കാവുന്ന ശൂന്യവേതനാവധി

(A) 5 വർഷം
(B) 10 വർഷം
(C) 15 വർഷം
(D) 20 വർഷം

37. നിലവിലുള്ള നിയമപ്രകാരം പൂർണ ശമ്പളത്തോടെ ഒരു വനിതാ ജീവനക്കാരിക്ക് അനുവദിക്കാവുന്ന പരമാവധി പ്രസവാവധി കാലയളവ്.

(A) 6 മാസം
(B) 180 ദിവസം
(C) 150 ദിവസം
(D) 120 ദിവസം

38. തന്നിരിക്കുന്ന വിശദാംശങ്ങളിൽ നിന്ന് 30-6-2022 - ന് വിരമിച്ച ഒരു ഓഫീസ് അറ്റന്റന്റിന് അർഹതപ്പെട്ട പെൻഷൻ തുക കണക്കാക്കുക.

ശരാശരി വേതനം = Rs. 24,000

യോഗ്യസേവന കാലം = 20 വർഷം

(A) Rs. 12,000
(B) Rs. 8,000
(C) Rs. 11,500
(D) ഇതൊന്നുമല്ല

39. തത്സമയ കർത്തവ്യങ്ങൾ മാത്രം നിർവഹിക്കുന്നതിന് ചാർജ് ലഭിച്ചാൽ, ചാർജ് അലവൻസ് ലഭിക്കുന്നതിനുവേണ്ട ചുരുങ്ങിയ സേവന കാലയളവ്

(A) 14 പ്രവർത്തി ദിവസത്തിൽ കൂടുതൽ (B) 30 ദിവസം

(C) ഒരുമാസം (D) ഇതൊന്നുമല്ല

40. പൊതുവിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്യുന്ന ഒരു ക്ലാർക്കിന്റെ 1-6-2021 - ലെ (വാർഷിക ഇൻക്രിമെന്റ് തീയതി) ശമ്പളം Rs. 31,100 (26500-700-27900-800-31100-900-38300-1000-42300-1100-47800-1200-52600-1300-56500-1400-60700) ആണ്. സീനിയർ ക്ലാർക്കായി 35600-900-38300-1000-42300-1100-47800-1200-52600-1300-56500-1400-60700-1500-65200-1600-70000-1800-75400 എന്ന ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം ലഭിച്ച് 10-12-2021 - ന് പൂർവ്വാഹനത്തിൽ ജോലിയിൽ പ്രവേശിച്ച ഇദ്ദേഹത്തിന്റെ ഉയർന്ന തസ്തികയിലെ ഇൻക്രിമെന്റ് തീയതി ...................................... ആയിരിക്കും.

(A) 1-12-2022 (B) 1-6-2022

(C) 10-12-2022 (D) 11-12-2022

41. യാത്രയിൽ, താമസസൗകര്യം മാത്രം സൗജന്യമായി ലഭിക്കുന്ന ഒരു ജീവനക്കാരന് അനുവദിക്കാവുന്ന ദിനബത്തയുടെ നിരക്ക്

(A) $^{2}/_{3}$ (B) മുഴുവൻ

(C) ½ (D) ¼

42. ഡെത്ത് കം റിട്ടയർമെന്റ് ഗ്രാറ്റ്യുറ്റി ലഭിക്കുന്നതിനാവശ്യമായ ചുരുങ്ങിയ സേവന കാലയളവ്:

(A) ഒരു വർഷം (B) രണ്ട് വർഷം

(C) മൂന്ന് വർഷം (D) അഞ്ച് വർഷം

43. 29 വർഷവും 10 ദിവസവും യോഗ്യസേവന കാലമുള്ള 53 വയസായ ഒരു ഡെപ്യൂട്ടി കലക്ടർക്ക് 31-7-2022 തീയതി പ്രാബല്ല്യത്തിൽ ഇൻവാലിഡ് പെൻഷൻ അനുവദിച്ചു. സേവന കാലത്തോടൊപ്പം അയാൾക്ക് അനുവദിക്കാവുന്ന സർവ്വീസ് വെയിറ്റേജ് :

(A) ഒരു വർഷം (B) രണ്ട് വർഷം

(C) മൂന്ന് വർഷം (D) അർഹതയില്ല

44. നിർബന്ധിത വകുപ്പുതല പരീക്ഷയിൽ പങ്കെടുക്കുന്നതിന് ഒരു ജീവനക്കാരന് എത്ര പ്രാവശ്യം യാത്രാബത്ത അനുവദിക്കാം.

(A) 1 (B) 2

(C) 3 (D) 4

45. താഴെ കൊടുത്തിരിക്കുന്ന വസ്തുതയിൽ നിന്ന് 1-1-2020 - ന് ഒരു ജീവനക്കാരന്റെ ആർജിതാവധി അക്കൗണ്ടിൽ ഉണ്ടാകാവുന്ന പരമാവധി അവധിയുടെ എണ്ണം കണക്കാക്കുക.

ജോലിയിൽ പ്രവേശിച്ച തീയതി : 1-1-2018 പൂർവ്വാഹ്നം

(A) $50\frac{2}{11}$ (B) 50

(C) $49\frac{17}{22}$ (D) ഇതൊന്നുമല്ല

46. 1-5-2022 മുതൽ 31-5-2022 വരെ പരിവർത്തിതാവധിയിലായിരുന്ന ഒരു ജീവനക്കാരന്റെ പ്രസ്തുത കാലയളവിലെ അവധി വേതനം ഏതിനു തുല്യമാണ്.

(A) ഡ്യൂട്ടി പേ + ഡിയർനസ് അലവൻസ് + മറ്റ് അലവൻസുകൾ

(B) ആർജിതാവധി ശമ്പളം

(C) അർഹതപ്പെട്ട (അടിസ്ഥാന ശമ്പളം + ഡി എ) + മറ്റ് അലവൻസുകൾ

(D) മുകളിൽ കൊടുത്ത എല്ലാത്തിനും

47. 2 മാസത്തേയ്ക്ക് പ്രത്യേക അവശതാവധി അനുവദിക്കപ്പെട്ട ഒരു ജീവനക്കാരന് അർഹതപ്പെട്ട അവധി വേതനം

(A) അടിസ്ഥാന ശമ്പളം (B) ആർജിതാവധി ശമ്പളം

(C) അർദ്ധവേതനാവധി ശമ്പളം (D) അർഹതയില്ല

48. സാധാരണ നിലയിൽ മുൻകാല പ്രാബല്യത്തോടെ പരിവർത്തനം ചെയ്യാൻ പറ്റാത്ത അവധി:

(A) അർദ്ധവേതനാവധി (B) പരിവർത്തിതാവധി

(C) ശൂന്യവേതനാവധി (D) ആർജിതാവധി

49. താഴെ കൊടുത്തിരിക്കുന്ന അവധികളിൽ ഏതാണ് പ്രൊബേഷന് അയോഗ്യ സേവന കാലം:

(A) പ്രസവാവധി

(B) പിതൃത്വാവധി

(C) കോവിഡ് - 19 പ്രത്യേക ആകസ്മികാവധി

(D) ഇവയൊന്നുമല്ല

50. പൊതു താൽപര്യത്തിന്മേൽ, അയൽ സംസ്ഥാനങ്ങളോട് ചേർന്നു കിടക്കുന്ന സംസ്ഥാനത്തിന് വെളിയിലുള്ള യാത്രകൾ നടത്തുന്നതിന് വകുപ്പുതലവന്മാരും ജില്ലാ കലക്ടർമാരും ക്ഷമതയുള്ളവരായിരിക്കുന്നതാണ്, ഇത് പ്രതിപാദിച്ചിരിക്കുന്നത്:

(A) റൂൾ 47 പാർട്ട് II കെ എസ് ആർ (B) റൂൾ 16 പാർട്ട് II കെ എസ് ആർ

(C) റൂൾ 112 പാർട്ട് II കെ എസ് ആർ (D) റൂൾ 54 പാർട്ട് II കെ എസ് ആർ

51. സ്ഥിരമോ താല്ക്കാലികമോ ആയി, പെൻഷൻ തുക പൂർണമായോ ഭാഗികമായോ തടഞ്ഞുവയ്ക്കുന്നതിന് അധികാരപ്പെട്ടത്

(A) അക്കൗണ്ടന്റ് ജനറൽ (B) പൊതു ഭരണ വകുപ്പ്

(C) ഗവൺമെന്റ് (D) വകുപ്പു മേധാവി

52. 31-12-2021 - ൽ സേവനത്തിൽ നിന്നു വിരമിച്ച ഒരു ജീവനക്കാരന്റെ 1-1-2021 മുതലുള്ള അടിസ്ഥാന ശമ്പളം Rs. 51,400 ഉം 15-10-2021 മുതലുള്ള അടിസ്ഥാന ശമ്പളം Rs. 53,900 - ഉം ആണെങ്കിൽ ശരാശരി വേതനം (രൂപ)

(A) 52038.096 (B) 52037.096

(C) 52037 (D) 52038

53. ഒരു ഉദ്യോഗസ്ഥന് പരിവർത്തിതാവധി അനുവദിക്കാവുന്നത്:

(A) 5 വർഷസേവനം ഉണ്ടെങ്കിൽ

(B) 3 വർഷസേവനം ഉണ്ടെങ്കിൽ

(C) പ്രൊബേഷൻ വിജയകരമായി പൂർത്തീകരിച്ചാൽ

(D) 2 വർഷസേവനം ഉണ്ടെങ്കിൽ

54. മലമ്പ്രദേശ ബത്ത ഏതിൽ ഉൾപ്പെടുന്നു.

(A) സ്പെഷ്യൽ അലവൻസ് (B) സ്പെഷ്യൽ പേ

(C) കമ്പാഷനേറ്റ് അലവൻസ് (D) ഇതൊന്നുമല്ല

55. 29 വർഷവും 1 ദിവസവും യോഗ്യസേവന കാലമുള്ള ഉദ്യോഗസ്ഥന് അർഹതപ്പെട്ട ഡി.സി.ആർ.ജി.

(A) (അവസാനത്തെ അടിസ്ഥാന ശമ്പളം + ഡി.എ.) യുടെ 14½ മടങ്ങ്

(B) (അവസാനത്തെ അടിസ്ഥാന ശമ്പളം + ഡി.എ.) യുടെ 15 മടങ്ങ്

(C) അവസാനത്തെ ശമ്പളത്തിന്റെ 14½ മടങ്ങ് + അവസാന ഡി.എ.

(D) അവസാനത്തെ ശമ്പളത്തിന്റെ 15 മടങ്ങ് + അവസാന ഡി.എ.

56. സാമൂഹ്യനീതി വകുപ്പിലെ ഒരു സീനിയർ ക്ലാർക്കിന്റെ യാത്രാബത്ത ബിൽ ഒപ്പു വയ്ക്കുന്നതിനു മുമ്പായി ബില്ലിന്റെ സ്വീകാര്യത പരിശോധിക്കേണ്ടത്

(A) ബന്ധപ്പെട്ട ജില്ലാ ഉദ്യോഗസ്ഥൻ
(B) ഓഫീസ് മേധാവി
(C) നിയന്ത്രണ ഉദ്യോഗസ്ഥൻ
(D) വകുപ്പു മേധാവി

57. സ്റ്റെറിലൈസേഷൻ ഓപ്പറേഷന് വിധേയയാകുന്നഒരു വനിതാ ജീവനക്കാരിക്ക് അനുവദിക്കാവുന്ന പരമാവധി പ്രത്യേക ആകസ്മികാവധി .................................. ദിവസത്തിൽ അധികമാകാൻ പാടില്ല.

(A) 14
(B) 10
(C) 15
(D) ഇതൊന്നുമല്ല

58. ഒരു ഉദ്യോഗസ്ഥൻ ഉദ്യോഗം വഹിക്കുന്ന തസ്തിക അപ്ഗ്രേഡ് ചെയ്തുവെങ്കിൽ ശമ്പളം ക്രമീകരിക്കുന്നത് ഏതു ചട്ടപ്രകാരമാണ്.

(A) റൂൾ 28 പാർട്ട് I കെ എസ് ആർ
(B) റൂൾ 28(എ) പാർട്ട് I കെ എസ് ആർ
(C) റൂൾ 30 പാർട്ട് I കെ എസ് ആർ
(D) റൂൾ 37(ബി) പാർട്ട് I കെ എസ് ആർ

59. 43400–1100–47800–1200–52600–1300–56500–1400–60700–1500–65200–1600–70000–1800–79200–2000–89000–2200–91200 എന്ന ശമ്പള സ്കെയിലിൽ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് അനുവദിക്കേണ്ടി വന്നാൽ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റായി അനുവദിക്കാവുന്നത്

(A) Rs. 2,000
(B) Rs. 2,200
(C) Rs. 1,100
(D) Rs. 2,200–ന്റെ 2 മടങ്ങ്

60. താഴെ കൊടുത്തിരിക്കുന്ന അവധികളിൽ ഏതാണ് സാധാരണ ഇൻക്രിമെന്റ് അനുവദി ക്കുന്നതിന് പരിഗണിക്കാത്തത് :

(A) ദമ്പതിമാരുടെ ഒത്തുചേരലിന് അനുവദിക്കുന്ന 3 മാസത്തെ ആർജിതാവധി (അപ്പന്റിക്സ് XII സി 1 കുറിപ്പ് പ്രകാരം)
(B) മെഡിക്കൽ സർട്ടിഫിക്കറ്റില്ലാതെ പ്രസവാവധിയെ തുടർന്ന് കെ എസ് ആർ പാർട്ട് I ചട്ടം 102 പ്രകാരം അനുവദിച്ച ശൂന്യവേതനാവധി
(C) മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ അനുവദിച്ച ശൂന്യവേതനാവധി
(D) മെഡിക്കൽ സർട്ടിഫിക്കറ്റില്ലാതെ അനുവദിച്ച ശൂന്യവേതനാവധി

61. കേരള സർവ്വീസ് റൂൾസിൽ പ്രസ്താവിച്ചിട്ടുള്ള ആകസ്മിക ചെലവുകളുടെ നിരക്കുകൾ, ഏറ്റവും ചുരുങ്ങിയത്, അര ദിനബത്തയ്ക്ക് വിധേയമായിരിക്കുന്നതാണ്. ഇത് പ്രതിപാദിച്ചിരിക്കുന്നത്.

(A) റൂൾ 65 പാർട്ട് II കെ എസ് ആർ
(B) റൂൾ 64 പാർട്ട് II കെ എസ് ആർ
(C) റൂൾ 110 പാർട്ട് II കെ എസ് ആർ
(D) ഇതൊന്നുമല്ല

62. തസ്തിക നിർത്തലാക്കിയതിനാൽ, കേരള സംസ്ഥാന ഗവൺമെന്റിന്റെ ഒരു വകുപ്പിൽ 1–6–2000 മുതൽ സേവനമനുഷ്ഠിക്കുന്ന ഒരു ജീവനക്കാരനെ സേവനത്തിൽ നിന്ന് വിടുതൽ ചെയ്തു. അയാൾക്ക് അർഹതപ്പെട്ട പെൻഷൻ

(A) റിട്ടയറിംഗ് പെൻഷൻ
(B) പ്രൊവിഷണൽ പെൻഷൻ
(C) കോമ്പൻസേഷൻ പെൻഷൻ
(D) ആന്റിസിപ്പേറ്ററി പെൻഷൻ

63. ഹെഡ്മാസ്റ്ററായി സ്ഥാനക്കയറ്റം ലഭിച്ച് 24–10–2021 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ച ഒരു ഹൈസ്കൂൾ അധ്യാപികയ്ക്ക് ആർജിതാവധിയ്ക്ക് അർഹത വരുന്ന തീയതി

(A) 25–10–2021
(B) 1–6–2021
(C) 2021–22 അധ്യായന വർഷം ആരംഭിച്ച തീയതി
(D) മുൻ മധ്യവേനൽ അവധി ആരംഭിച്ച തീയതി

64. ............................ - ൽ കുറയാത്ത ഒരു കാലയളവ് ഉൾപ്പെടെ 8 കി. മീ. കവിയുന്ന ഹാൾട്ട് സ്ഥലത്തു നിന്നുമുള്ള ദൂരത്തിൽ ഡ്യൂട്ടിയിൽ നിന്നുമുള്ള ഹാജരില്ലായ്മയാൽ ഒരു ഹാൾട്ട് ഖണ്ഡിക്കപ്പെടാത്തപക്ഷം, ആ ഹാൾട്ട് തുടർ ഹാൾട്ടായിരിക്കുന്നതാണ്.

(A) തുടർച്ചയായ രണ്ടു രാത്രി
(B) തുടർച്ചയായ മൂന്നു രാത്രി
(C) തുടർച്ചയായ നാലു രാത്രി
(D) തുടർച്ചയായ അഞ്ചു രാത്രി

65. ഒരു ഉദ്യോഗസ്ഥനെ കണ്ണൂരിൽ നിന്ന് കോഴിക്കോട്ടേക്ക് സ്ഥലം മാറ്റി (റെയിൽ ദൂരം 90 കി. മീ.). കണ്ണൂരിലുള്ള വാസസ്ഥലം കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നിന്ന് 12 കി. മീ. അകലത്തിലാണ്. കോഴിക്കോട്ടെ നിയുക്ത വാസസ്ഥലം കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ നിന്ന് 5 കി. മീ അകലത്തിലുമാണ്. ഈ ജീവനക്കാരനെ 4-7-2022 പൂർവ്വാഹ്നത്തിൽ കണ്ണൂരിൽ നിന്ന് വിടുതൽ ചെയ്തു. അർഹതപ്പെട്ട മുഴുവൻ പ്രവേശന കാലവും ഉപയോഗപ്പെടുത്തിയതിനു ശേഷമാണ് കോഴിക്കോട്ടെ ഓഫീസിൽ ജോലിക്കു ഹാജരാകുന്നതെങ്കിൽ ഏതു തീയതിയിൽ ഹാജരാകണം.

(A) 13-7-2022
(B) 12-7-2022
(C) 14-7-2022
(D) ഇതൊന്നുമല്ല

66. 31-5-2022 - ന് കേരള സംസ്ഥാന സർവ്വീസിൽ നിന്ന് വിരമിച്ച ഒരു ജീവനക്കാരന് 1-6-2022 തീയതി പ്രാബല്ല്യത്തിൽ പുനർ നിയമനം നല്കിയെങ്കിൽ അപ്പോൾ അയാൾ ഹാജരാക്കേണ്ടതില്ലാത്തത്.

(A) യോഗ്യതാ സർട്ടിഫിക്കറ്റ്
(B) സ്വഭാവ സർട്ടിഫിക്കറ്റ്
(C) മെഡിക്കൽ സർട്ടിഫിക്കറ്റ്
(D) പരിചയ സർട്ടിഫിക്കറ്റ്

67. ഉയർന്ന നിരക്കിലുള്ള കുടുംബ പെൻഷനുള്ള അർഹത, പെൻഷണർ മരണപ്പെട്ട തീയതി മുതൽ ...................................... മോ പെൻഷണർക്ക് 63 വയസ് തികയുമായിരുന്ന തീയതിയോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെയാണ്.

(A) 5 വർഷം
(B) 7 വർഷം
(C) 10 വർഷം
(D) ഇതൊന്നുമല്ല

68. യാത്രാ ബത്തയുടെ കാര്യത്തിൽ 'കുടുംബം' എന്നതിൽ ഉൾപ്പെടാത്തത് :

(A) അമ്മ
(B) ഭാര്യ
(C) മകൾ
(D) ഭർത്താവിന്റെയോ ഭാര്യയുടെയോ മുൻബന്ധത്തിലെ പുത്രൻ

69. 25-11-2021-ന് പൊതു വിദ്യാഭ്യാസ വകുപ്പിൽ പ്രൈമറി സ്ക്കൂൾ ടീച്ചറായി ജോലിയിൽ പ്രവേശിച്ചയാൾക്ക് 2021 കലണ്ടർ വർഷത്തിൽ അനുവദിക്കാവുന്ന പരമാവധി ആകസ്മികാവധി

(A) 3 ദിവസം
(B) 2 ദിവസം
(C) 15 ദിവസം
(D) 20 ദിവസം

70. ഒരു ജീവനക്കാരന്റെ വേലവിലക്ക് കാലയളവ്, മറ്റ് അവധികളൊന്നുമില്ലാതിരുന്നതിനാൽ ശൂന്യ വേതനാവധിയായി ക്രമീകരിച്ചുവെങ്കിൽ

(A) ഉപജീവന ബത്ത തിരിച്ചു പിടിക്കേണ്ടതില്ല
(B) ഉപജീവന ബത്ത തിരിച്ചു പിടിക്കണം
(C) രണ്ടുമാസം കഴിഞ്ഞുള്ള കാലയളവിലേക്ക് അനുവദിച്ച ഉപജീവനബത്ത തിരിച്ചു പിടിക്കണം
(D) അനുവദിച്ച ഉപജീവന ബത്തയുടെ 50 ശതമാനം തിരിച്ചു പിടിക്കണം

71. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ് ഒരു ജീവനക്കാരന്റെ ഉപജീവന ബത്തയിൽ നിന്ന് വസൂലാക്കാൻ പാടില്ലാത്തത്.

(A) ഫാമിലി ബെനിഫിറ്റ് സ്കീമിലേക്കുള്ള വരിസംഖ്യ

(B) ജനറൽ പ്രോവിഡന്റ് ഫണ്ടിൽ നിന്നെടുത്ത വായ്പയുടെ തിരിച്ചടവ്

(C) ജനറൽ പ്രോവിഡന്റ് ഫണ്ടിലേക്കുള്ള വരിസംഖ്യ

(D) ഇതൊന്നുമല്ല

72. റവന്യൂ വകുപ്പിലെ ഒരു സീനിയർ സൂപ്രണ്ട് രണ്ടു കലണ്ടർ ദിനത്തിലായി തുടർച്ചയായ 24 മണിക്കൂറുകൊണ്ട് രണ്ടു യാത്രകൾ നടത്തിയെങ്കിൽ അയാൾക്ക് അർഹതപ്പെട്ട ദിനബത്ത.

(A) 1 ഡി.എ.

(B) ½ ഡി.എ.

(C) 2 ഡി.എ.

(D) $^{2}/_{3}$ ഡി.എ.

73. കമ്മ്യൂട്ടേഷൻ ഫാക്ടർ 10.46 ആയി ഒരു പെൻഷണർ തന്റെ പെൻഷൻ തുകയുടെ 40% കമ്മ്യൂട്ടു ചെയ്യുന്നുവെങ്കിൽ കമ്മ്യൂട്ടുചെയ്ത പെൻഷന്റെ ഭാഗം .................. വർഷം കഴിഞ്ഞ് പുനസ്ഥാപിക്കും.

(A) 10

(B) 10 ½

(C) 11

(D) 12

74. ............................ കിലോമീറ്ററിൽ കൂടുതലുള്ള ഔദ്യോഗിക യാത്രയ്ക്ക് ഒരു ദിവസം യാത്രയ്ക്കായി അനുവദിക്കും.

(A) 8

(B) 31

(C) 32

(D) 50

75. 5 വർഷ യോഗ്യ സേവനകാലത്തോടെ ഒരു ജീവനക്കാരൻ വിരമിച്ച് 2 വർഷം കഴിയുമ്പോൾ മരണപ്പെട്ടുവെങ്കിൽ എക്സ്ഗ്രേഷ്യ കുടുംബപെൻഷനുള്ള അർഹത ആർക്കാണ്.

(A) ഇണ

(B) കുട്ടികൾ

(C) മാതാപിതാക്കൾ

(D) മുകളിൽ പറഞ്ഞ എല്ലാവർക്കും

76. 30-6-2022-ന് സേവനത്തിൽ നിന്നു വിരമിച്ച ഒരു ജീവനക്കാരൻെറ സേവനപുസ്തകം അയാളുടെ ഓഫീസ് മേധാവി സൂക്ഷിച്ച് വയ്ക്കേണ്ട കാലയളവ്.

(A) 5 വർഷം

(B) 25 വർഷം

(C) 15 വർഷം

(D) 10 വർഷം

77. തിരുവനന്തപുരത്ത് ട്രെയിനിംഗിന് നിയോഗിക്കപ്പെട്ട ഒരു ഉദ്യോഗസ്ഥന് പൂർണ്ണ നിരക്കിലുള്ള ദിനബത്തയ്ക്കുള്ള അർഹത ആദ്യത്തെ

(A) 60 ദിവസം

(B) 10 ദിവസം

(C) 30 ദിവസം

(D) 20 ദിവസം

78. ............................ വർഷത്തെയെങ്കിലും യോഗ്യസേവനകാലത്തോടെ സ്വമേധയാ വിരമിക്കുന്ന ജീവനക്കാരനാണ് റിട്ടയറിംഗ് പെൻഷന് അർഹത.

(A) 10

(B) 20

(C) 30

(D) 33

79. യാത്രാബത്ത കണക്കാക്കുന്നതിന്റെ ആവശ്യത്തിനായി ഉദ്യോഗസ്ഥരെ .......................... ഗ്രേഡുകളായി തരം തിരിച്ചിട്ടുണ്ട്.

(A) 5

(B) 6

(C) 3

(D) 4

80. ഒരു ഉദ്യോഗസ്ഥൻ സേവനത്തിലിരിക്കെ മരണപ്പെടുന്ന സാഹചര്യത്തിൽ, അയാളുടെ കുടുംബത്തിന്റെ മടക്കയാത്ര ഉദ്യോഗസ്ഥൻ മരിച്ച തീയതി മുതൽ .................................. മാസത്തിനുള്ളിൽ നടത്തിയാലാണ് അവർക്ക് യാത്രാബത്തക്ക് അർഹത.

(A) 12 (B) 1

(C) 2 (D) 3

81. കേരള സർവ്വീസ് റൂൾസിൽ 'അർഹമായ പെൻഷൻ' എന്നാൽ 'അർഹമായ പെൻഷൻ'

(A) കമ്മ്യൂട്ടേഷന് മുമ്പുള്ളത് (B) കമ്മ്യൂട്ടേഷന് ശേഷമുള്ളത്

(C) മിനിമം പെൻഷൻ (D) ഇതൊന്നുമല്ല

82. ഒരു ജീവനക്കാരൻ അയാളുടെ ഓഫീസിൽ നിന്ന് 25 കി. മീ. അകലെയുള്ള 'x' എന്ന സ്ഥലത്ത് 2-8-2022 പൂർവ്വാഹ്നം 10 മണി മുതൽ 4-8-2022 അപരാഹ്നം 3.30 വരെ താമസിക്കുന്നുവെങ്കിൽ അയാൾക്ക് അർഹതപ്പെട്ട ദിനബത്തയുടെ എണ്ണം.

(A) 2 (B) 2 ½

(C) 3 (D) ഇതൊന്നുമല്ല

83. പിരിച്ചു വിടപ്പെടുകയോ നീക്കം ചെയ്യപ്പെടുകയോ ചെയ്യപ്പെട്ട ഒരു ജീവനക്കാരന്റെ അനുതാപ ബത്തയ്ക്കുള്ള അർഹത, അയാളെ പിരിച്ചു വിടുകയോ നീക്കം ചെയ്യുകയോ ചെയ്തിരുന്ന തീയതിയിൽ വിരമിച്ചിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന പെൻഷന്റെ .................................. ൽ കൂടാൻ പാടില്ല.

(A) $1/3$ (B) $2/3$

(C) $3/4$ (D) ഇതൊന്നുമല്ല

84. ഔദ്യോഗികമായി വിമാനയാത്ര നടത്താൻ അർഹതയില്ലാത്ത ഒരു ജീവനക്കാരൻ അത്തരം ഒരു യാത്ര നടത്തിയാൽ അയാൾക്കുള്ള അർഹത

(A) തീവണ്ടിയുടെ I എ. സി. കമ്പാർട്ടുമെന്റിൽ യാത്ര ചെയ്തിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന യാത്രാബത്ത

(B) വ്യോമ ഗതാഗതത്തിന് അർഹമായ യാത്രാബത്ത തുകയുടെ $3/4$ ഭാഗം

(C) വ്യോമയാത്ര നടത്തിയതിനാൽ അതിന് ബാധകമായ വിധത്തിലുള്ള യാത്രാബത്ത

(D) റോഡു വഴിയോ റെയിൽ വഴിയോ യാത്ര ചെയ്തിരുന്നുവെങ്കിൽ അർഹമാകുമായിരുന്ന യാത്രാബത്ത

85. ഒരു ഉദ്യോഗസ്ഥൻ സർവ്വീസിൽ നിന്ന് വിരമിച്ചതിനുശേഷം അയാൾ താമസിക്കാൻ ആഗ്രഹിക്കുന്ന, സംസ്ഥാനത്തിനകത്തോ പുറത്തോ ആയ ഏതെങ്കിലും സ്ഥലത്തേയ്ക്കുള്ള യാത്രയ്ക്കുള്ള യാത്രാബത്തയുടെ അർഹത

(A) വിരമിച്ചതിനുശേഷം ഒരു മാസത്തിനുള്ളിൽ നടത്തിയാൽ

(B) വിരമിച്ചതിനുശേഷം മൂന്നു മാസത്തിനുള്ളിൽ നടത്തിയാൽ

(C) വിരമിച്ചതിനുശേഷം ആറു മാസത്തിനുള്ളിൽ നടത്തിയാൽ

(D) വിരമിച്ചതിനുശേഷം ഒരു വർഷത്തിനകം നടത്തിയാൽ

86. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ് ഓഫീസ് മേധാവിക്ക് അർഹതയില്ലാത്തത് :

(A) ഒരേ സമയം 50-ൽ കൂടുതൽ ദിവസത്തേയ്ക്കുള്ള അർദ്ധവേതനാവധി

(B) അനാർജിതാവധി

(C) നഷ്ടപരിഹാര അവധി

(D) ഇതൊന്നുമല്ല

87. 31-3-2022-ന് സേവനത്തിൽ നിന്നു വിരമിച്ച ഒരു ജീവനക്കാരൻ 1-4-2022,1.00 - ന് പൂർവ്വാഹ്നത്തിൽ മരണപ്പെട്ടുവെങ്കിൽ അയാളുടെ കുടുംബത്തിനുള്ള അർഹത

(A) 1-4-2022 മുതൽ സാധാരണ നിരക്കിലുള്ള കുടുംബ പെൻഷൻ

(B) 1-4-2022 മുതൽ ഉയർന്ന നിരക്കിലുള്ള കുടുംബ പെൻഷൻ

(C) 2022 ഏപ്രിൽ മാസത്തേയ്ക്ക് പെൻഷൻ തുകയും അതിനുശേഷം അർഹമായ കുടുംബ പെൻഷനും

(D) 2022 ഏപ്രിൽ മാസത്തേയ്ക്ക് ഉയർന്ന നിരക്കിലുള്ള കുടുംബ പെൻഷനും തുടർന്ന് സാധാരണ നിരക്കിലുള്ള കുടുംബ പെൻഷനും

88. വിരമിക്കലിനുശേഷമുള്ള നിയമപരമായ വിവാഹം കുടുംബ പെൻഷൻ അനുവദിക്കുന്നതിന് പരിഗണിക്കാവുന്നതാണ്. ഇത് പ്രതിപാദിച്ചിരിക്കുന്നത് :

(A) റൂൾ 92 പാർട്ട് III കെ എസ് ആർ

(B) റൂൾ 93 പാർട്ട് III കെ എസ് ആർ

(C) റൂൾ 119 പാർട്ട് III കെ എസ് ആർ

(D) റൂൾ 90 പാർട്ട് III കെ എസ് ആർ

89. അവധിക്കുള്ള അർഹത, ഒരു ഉദ്യോഗസ്ഥൻ അവധിയിൽ പ്രവേശിക്കുന്ന തീയതിയിലുള്ള അർഹത പരിഗണിച്ചുകൊണ്ടായിരിക്കും നിർണയിക്കുക. ഇത് പരാമർശിച്ചിരിക്കുന്നത് :

(A) റൂൾ 68 പാർട്ട് I കെ എസ് ആർ

(B) റൂൾ 66 പാർട്ട് I കെ എസ് ആർ

(C) റൂൾ 62 പാർട്ട് I കെ എസ് ആർ

(D) റൂൾ 73 പാർട്ട് I കെ എസ് ആർ

90. ഡിപ്പാർട്ടുമെന്റ് വാഹനങ്ങളിൽ യാത്ര നടത്തുമ്പോൾ 200 കി. മീ. ന് അപ്പുറമുള്ള ഇടയിലെ ഹാൾട്ടുകൾക്ക് അര ദിനബത്ത അനുവദിക്കുന്നതാണ്. ഇത് വ്യക്തമാക്കിയിരിക്കുന്നത്.

(A) റൂൾ 31 പാർട്ട് II കെ എസ് ആർ

(B) റൂൾ 36 പാർട്ട് II കെ എസ് ആർ

(C) റൂൾ 44 പാർട്ട് II കെ എസ് ആർ

(D) ഇതൊന്നുമല്ല

91. ഒരു ഉദ്യോഗസ്ഥന്റെ യാത്രാബത്ത മുൻകാല പ്രാബല്യത്തോടെ പരിഷ്ക്കരിക്കാവുന്നത്

(A) ശമ്പള പരിഷ്കരണത്തെത്തുടർന്ന്

(B) മുൻകാല പ്രാബല്യത്തോടെ തരം താഴ്ത്തിയാൽ

(C) ഭരണപരമായ കാരണങ്ങളാൽ ഇൻക്രിമെന്റ് അനുവദിക്കുന്നതിന് വൈകിയാൽ

(D) പുതുക്കൽ സാധ്യമല്ല.

92. ഒരു ദിവസം ഒന്നിൽ കൂടുതൽ യാത്ര നടത്തുന്ന ജീവനക്കാരന് ദിനബത്തയ്ക്കുപകരം മൈലേജ് അലവൻസ് വാങ്ങാവുന്നത്.

(A) ഒരു യാത്രയെങ്കിലും 32 കി. മീ. - ൽ കൂടുന്നുവെങ്കിൽ

(B) ആകെ യാത്ര 32 കി. മീ. - ൽ കൂടുന്നുവെങ്കിൽ

(C) ഓരോ യാത്രയും 32 കി. മീ. - ൽ കൂടുന്നുവെങ്കിൽ

(D) മൂന്നിൽ കൂടുതൽ യാത്ര നടത്തിയാൽ

93. 90 ദിവസം ബാംഗ്ലൂരിൽ പരിശീലനത്തിലായിരുന്ന ഉദ്യോഗസ്ഥന് അനുവദിക്കാവുന്ന ദിനബത്തയുടെ നിരക്ക്

(A) ആദ്യത്തെ 10 ദിവസം മുഴുവൻ നിരക്കിലും പിന്നീട് ¾ ഭാഗവും

(B) ആദ്യത്തെ 30 ദിവസം മുഴുവൻ നിരക്കിലും പിന്നീടുള്ള 60 ദിവസം ½ ഭാഗവും

(C) ആദ്യത്തെ 30 ദിവസം മുഴുവൻ നിരക്കിലും പിന്നീടുള്ള 60 ദിവസം ¾ ഭാഗവും

(D) ആദ്യത്തെ 10 ദിവസം മുഴുവൻ നിരക്കിലും പിന്നീടുള്ള 80 ദിവസം ½ ഭാഗവും

94. 31-5-2022 - ന് ആരോഗ്യ വകുപ്പിൽ നിന്ന് ജൂനിയർ സൂപ്രണ്ടായി വിരമിച്ച ഒരു ജീവനക്കാരന്റെ അടിസ്ഥാന പെൻഷൻ Rs. 58,317. പെൻഷനിൽ നിന്ന് പരമാവധി എത്ര രൂപ കമ്മ്യൂട്ടു ചെയ്യാം.

(A) 23,326
(B) 23,326.8
(C) 23,327
(D) ഇതൊന്നുമല്ല

95. 29 വർഷവും 1 ദിവസവും യോഗ്യസേവനകാലത്തോടുകൂടി വിരമിച്ച ജീവനക്കാരന് പെൻഷൻ, ഡി.സി.ആർ.ജി. എന്നിവ കണക്കാക്കുന്നതിനുള്ള യോഗ്യസേവന കാലം.

(A) രണ്ടിനും 30 വർഷം
(B) രണ്ടിനും 29 വർഷം
(C) പെൻഷന് 30 വർഷവും ഡി.സി.ആർ.ജി.ക്ക് 29 വർഷവും
(D) ഇതൊന്നുമല്ല

96. ഒന്നാം ക്ലാസ് മലമ്പ്രദേശത്ത് ഔദ്യോഗിക യാത്ര നടത്തുന്ന ഉദ്യോഗസ്ഥർക്ക്, അവർക്ക് അർഹതപ്പെട്ട ദിനബത്തയ്ക്കു പുറമെ ദിനബത്തയുടെ .............................. ശതമാനം അധികം അനുവദിക്കും.

(A) 25
(B) 12 ½
(C) 10
(D) 10 ½

97. ഒരേ ദിവസം തന്നെ റെയിൽ വഴിയും വ്യോമ മാർഗവും യാത്ര നടത്തുന്ന ജീവനക്കാരന് ചുരുങ്ങിയത് ഒരു ദിനബത്ത എന്ന കണക്കിൽ അനാമത്ത് ചെലവ് അനുവദിക്കാവുന്നതാണ് എന്ന് പ്രതിപാദിച്ചിരിക്കുന്നത്.

(A) റൂൾ 94 പാർട്ട് II കെ എസ് ആർ
(B) റൂൾ 34 പാർട്ട് II കെ എസ് ആർ
(C) റൂൾ 63 പാർട്ട് II കെ എസ് ആർ
(D) റൂൾ 66 പാർട്ട് II കെ എസ് ആർ

98. സർക്കാർ സർവ്വീസിലേക്ക് ആദ്യമായി ലഭിച്ച നിയമനത്തിന് ആരോഗ്യ വിവരം സംബന്ധിച്ച സർട്ടിഫിക്കറ്റ് നേടുന്നതിന് നടത്തിയ യാത്രയ്ക്ക് അനുവദിക്കാവുന്ന യാത്രാബത്ത.

(A) ഒരു ദിനബത്ത
(B) യാഥാർത്ഥ യാത്രാചെലവ്
(C) അർഹതയില്ല
(D) ഇതൊന്നുമല്ല

99. യൂണിവേഴ്സിറ്റി സംബന്ധമായ വിഷയത്തിന് യാത്ര നടത്തുന്ന ഗവൺമെന്റ് ജീവനക്കാരന് യൂണിവേഴ്സിറ്റിയിൽ നിലനില്ക്കുന്ന ചട്ടപ്രകാരം യാത്രാബത്ത സ്വീകരിക്കാം. ഇത് പ്രസ്താവിച്ചിരിക്കുന്നത്.

(A) റൂൾ 54 പാർട്ട് II കെ എസ് ആർ
(B) റൂൾ 58 പാർട്ട് II കെ എസ് ആർ
(C) റൂൾ 63 പാർട്ട് II കെ എസ് ആർ
(D) ഇതൊന്നുമല്ല

100. കേരള സംസ്ഥാന ജീവനക്കാർക്ക്, പങ്കാളിത്ത പെൻഷൻ സമ്പ്രദായം നിലവിൽ വന്നത്

(A) 1-1-2013
(B) 1-1-2014
(C) 1-4-2014
(D) 1-4-2013

**SPACE FOR ROUGH WORK**

**SPACE FOR ROUGH WORK**